**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4899** **20-03-2025 - ൽ മറുപടിയ്ക്ക്**

**ദേശീയപാത തലപ്പാടി ചെങ്കള ആറുവരി പാത നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാത തലപ്പാടി-ചെങ്കള ആറുവരി പാതയിൽ വിവിധ ഇടങ്ങളിലെ അശാസ്ത്രീയ നിർമ്മാണം നിരവധി അപകടമരണങ്ങൾക്ക് കാരണമാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ദേശീയപാതയിലെ തലപ്പാടി - ചെങ്കള ആറുവരിപാത ഉൾപ്പെടെയുള്ളവ ലഭ്യമായ 45 മീറ്റർ വീതിക്കുള്ളിൽ MoRTH /IRC മാനദണ്ഡങ്ങൾ പ്രകാരം രൂപകൽപന ചെയ്തതാണ്. വേഗപരിധി ഉൾപ്പെടെയുള്ള സുരക്ഷാ മാനദണ്ഡങ്ങൾ രൂപകൽപനയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br><br>പദ്ധതി നിലവിൽ നിർവഹണ ഘട്ടത്തിലാണ്, പൂർത്തിയായ ഭാഗങ്ങൾ ഗതാഗതത്തിന് തുറന്ന് കൊടുത്തിട്ടുണ്ട്. മറ്റു ഭാഗങ്ങളിൽ പ്രവൃത്തി നടത്തി വരുന്നു. പ്രവൃത്തി പുരോഗമിക്കുന്ന സാഹചര്യത്തിൽ റോഡ് മാർക്കിംഗ്, സൈൻബോർഡുകൾ എന്നിവ ഇനിയും സ്ഥാപിക്കേണ്ടതായിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാകുന്നത് വരെ ഈ ഭാഗങ്ങളിൽ നിശ്ചിത വേഗ പരിധി പാലിക്കേണ്ടതുണ്ട് (മെയിൻ കാരേജ് വേ- 50 Km/hr , സർവ്വീസ് റോഡ്- 30 Km/hr) എന്നതാണ് നിശ്ചയിച്ച വേഗപരിധി. ഈ വേഗപരിധിയിൽ മാത്രമേ വാഹനങ്ങൾ ഡ്രൈവ് ചെയ്യാവൂ. അടുത്ത 2 മാസത്തിനുള്ളിൽ എല്ലാ സുരക്ഷാ ക്രമീകരണങ്ങളും പൂർത്തീകരിക്കാനാകും എന്നാണ് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുള്ളത്. |
| (ബി) | പ്രവൃത്തി തുടങ്ങിയത് മുതൽ നാളിതുവരെ എത്ര മനുഷ്യ ജീവനുകൾ പൊലിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അധികൃതരുടെ അനാസ്ഥയും നിർമ്മാണത്തിലെ അശാസ്ത്രീയതയും ആണോ പ്രസ്തുത മരണങ്ങൾക്ക് കാരണമെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രവൃത്തി തുടങ്ങിയപ്പോൾ മുതൽ റിപ്പോർട്ട് ചെയ്യപ്പെട്ട അപകടങ്ങളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു. പ്രവൃത്തി നടക്കുന്ന സമയത്ത് IRC Sp:55: 2014 പ്രകാരമുള്ള സുരക്ഷാ മുൻകരുതലുകൾ പാലിച്ചിട്ടുണ്ട്. മാത്രമല്ല കൃത്യമായ ഇടവേളകളിൽ സുരക്ഷാ പരിശോധനകളും നടത്താറുണ്ട്. അതിനാൽ നിർമ്മാണത്തിലെ അശാസ്ത്രീയത മൂലം അല്ല അപകടങ്ങൾ ഉണ്ടാകുന്നത് എന്ന് ദേശീയപാത അതോറിറ്റി അറിയിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | സർവീസ് റോഡുകളുടെ പണി പൂർത്തിയാക്കാതെ ദേശീയപാതയിലെ നിർമ്മാണം പൂർത്തീകരിക്കാൻ വർദ്ധിത ശ്രമം നടക്കുന്നത് എന്തിനാണെന്ന് വ്യക്തമാക്കാമോ; | (സി) | ലഭ്യമായ 45 മീറ്റർ Right of way (RoW)ൽ നിർമ്മാണം നടത്തേണ്ടതിനാലും, യൂട്ടിലിറ്റി ഷിഫ്റ്റിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നതിനാലും സർവ്വീസ് റോഡുകൾ ആദ്യഘട്ടത്തിൽ പൂർത്തീകരിച്ച്, MCW(മെയിൻ കാര്യേജ് വെ)രണ്ടാം ഘട്ടത്തിൽ പൂർത്തിയാക്കുന്നത് സാങ്കേതികമായി സാധിക്കില്ല. എങ്കിലും നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് IRC:SP:55:2014 മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഗതാഗതം വഴിതിരിച്ച് ക്രമീകരണം നടത്തുന്നുണ്ട് (Traffic Diversion) എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (ഡി) | സർവീസ് റോഡുകളുടെ നിർമ്മാണം ആദ്യം പൂർത്തീകരിച്ചിരുന്നുവെങ്കിൽ ജനങ്ങളുടെ ദുരിതം ഗണ്യമായി കുറയ്ക്കാൻ പറ്റുമായിരുന്നോ; വ്യക്തമാക്കാമോ? | (ഡി) | സി പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| വർഷം | അപകടങ്ങളുടെ എണ്ണം |
|---|---|
| 2022 | 6 |
| 2023 | 12 |
| 2024 | 12 |
| 2025 (19.03.2025 വരെ) | 6 |